## തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല വിദ്യാർത്ഥി യൂണിയൻ രൂപീകരണം സംബന്ധിച്ചുള്ള ചട്ടങ്ങളും നിബന്ധനകളും

സർവകലാശാല വിദ്യാർത്ഥികളുടെ കലാപരവും കായികപരവും നേതൃത്വപരവുമായ കഴിവുകൾ വികസിപ്പിക്കാനും, പ്രയോഗത്തിൽ വരുത്താനുമുള്ള അവസരം ഒരുക്കുന്നതിനായുള്ള ഒരു തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി യൂണിയൻ ഉണ്ടായിരിക്കും. വൈസ് ചാൻസലർ നിർദ്ദേശിക്കുന്ന വിദ്യാർത്ഥിക്ഷേമകാര്യങ്ങളുടെ ചുമതലയുള്ള ഒരു അദ്ധ്യാപകന്റെ മുൻനിർദ്ദേശത്തിലാണ് യൂണിയൻ പ്രവർത്തനങ്ങൾ നടത്തേണ്ടത്. താഴെ സൂചിപ്പിച്ച നിബന്ധനകൾക്ക് വിധേയമായിരിക്കും വിദ്യാർത്ഥിയൂണിയന്റെ ഘടനയും, തെരഞ്ഞെടുപ്പും രൂപീകരണവും പ്രവർത്തനവും.

പഠനം, വിദ്യാർത്ഥിക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിലെ പ്രശ്നങ്ങൾ അഭിപ്രായസമന്വയത്തോടെയും, നിർദ്ദേശങ്ങളോടെയും സർവകലാശാല അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നതാണ് വിദ്യാർത്ഥിയൂണിയന്റെ ചുമതല. ഒപ്പം സർവകലാശാലയുടെ വിദ്യാർത്ഥിക്ഷേമ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തണം. ആരോഗ്യകരമായ അക്കാദമിക അന്തരീക്ഷം നിലനിർത്തേണ്ടതിലും യൂണിയൻ സംഭാവന പ്രധാനമാണ്. ഏതു വിദ്യാർത്ഥിക്കും അവരുടെ പ്രശ്നങ്ങൾ യൂണിയൻ മുമ്പാകെ അവതരിപ്പിക്കാനുള്ള സൗഹൃദാന്തരീക്ഷം നിലനിറുത്തണം. എല്ലാ വർഷവും രണ്ടു പ്രാവശ്യത്തിൽ കുറയാതെ യൂണിയൻ യോഗം ചേരേണ്ടതാണ്.

### 1. വിദ്യാർത്ഥി യൂണിയൻ

സർവകലാശാല ഫാക്കൽറ്റിയിലെ വിവിധ വകുപ്പുകളിലെയും മുഴുവൻ ക്ലാസുകളിൽ നിന്ന് വിദ്യാർത്ഥികൾ താഴെ സൂചിപ്പിച്ച വിധം യൂണിയൻ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതാണ്.

| | | | |
|---|---|---|---|
| 1. | ചെയർപേഴ്സൺ | – | ഓപ്പൺ |
| 2. | വൈസ് ചെയർപേഴ്സൺ | – | 1. സ്ത്രീ സംവരണം<br>2. ഓപ്പൺ |
| 3. | ജനറൽ സെക്രട്ടറി | – | ഓപ്പൺ |
| 4. | ജോയിന്റ് സെക്രട്ടറി | – | 1. സ്ത്രീ സംവരണം<br>2. ഓപ്പൺ |
| 5. | മാഗസിൻ എഡിറ്റർ | – | ഓപ്പൺ |
| 6. | ഫൈൻ ആർട്സ് സെക്രട്ടറി | – | ഓപ്പൺ |
| 7. | സ്പോർട്സ് സെക്രട്ടറി | – | ഓപ്പൺ |

### I (a) വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച്

വിദ്യാർത്ഥി യൂണിയൻ ഭാരവാഹികളെ നിശ്ചയിക്കുന്നതിനായി വൈസ് ചാൻസലർ ഉത്തരവിട്ട് രജിസ്ട്രാർ വൈസ് ചാൻസലറുടെ നിർദ്ദേശാനുസരണം വരണാധികാരികളെ നിശ്ചയിച്ച്, വരണാധികാരികൾ താഴെ സൂചിപ്പിക്കും വിധം തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് I (b) യിൽ സൂചിപ്പിച്ച പ്രകാരം നടപടികൾ പൂർത്തിയാക്കുന്ന പ്രക്രിയയെയാണ് തെരഞ്ഞെടുപ്പ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുവിവരം വരണാധികാരി രജിസ്ട്രാറെ ഏൽപ്പിക്കുകയും രജിസ്ട്രാർ തെരഞ്ഞെടുക്കപ്പെട്ടവരെ യൂണിയൻ ഭാരവാഹികളായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നതാണ്.

വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് ഒറ്റ ഘട്ടമായി നടത്തുന്നതാണ്. കൂടാതെ അസോസിയേഷൻ സെക്രട്ടറിമാരെയും (11 എണ്ണം) ഇതോടൊപ്പം തെരഞ്ഞെടുക്കുന്നതാണ്. സർവകലാശാല പൊതുസഭയിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളെയും (പി.ജി. മണ്ഡലം – 2, ഗവേഷകവിദ്യാർത്ഥി മണ്ഡലം – 2) ഇതോടൊപ്പം തെരഞ്ഞെടുക്കുന്നതാണ്.

## I (b) തെരഞ്ഞെടുപ്പ് പ്രഖ്യാപനം

വൈസ് ചാൻസലറോ, വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം ചുമതലപ്പെടുത്തിയ അധികാരിയോ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതാണ്. വിജ്ഞാപനവും തെരഞ്ഞെടുപ്പും തമ്മിൽ കുറഞ്ഞത് 5 പ്രവൃത്തി ദിവസങ്ങളുടെ വ്യത്യാസം ഉണ്ടായിരിക്കണം. (വിജ്ഞാപനം ചെയ്തതിന് ശേഷം ഏതെങ്കിലും പ്രവൃത്തി ദിവസം അവധിയായിതീരുകയാണെങ്കിൽ അത് പ്രവൃത്തി ദിവസമായി തന്നെ പരിഗണിക്കുന്നതാണ്.

**തെരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ**

1. വകുപ്പ് ക്രമത്തിലുള്ള വോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ
2. വോട്ടർ പട്ടികയിൽമേലുള്ള പരാതി പരിഹാരം (അന്നേ ദിവസം മുതൽ തൊട്ടടുത്ത ദിവസം വരെ)
3. അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരണം (2-ാം ദിവസം)
4. തെരഞ്ഞെടുപ്പ് വിജ്ഞാപനം
5. നാമനിർദ്ദേശപത്രികാസമർപ്പണം (വിജ്ഞാപന തിയതി മുതൽ 3-ാമത്തെ പ്രവൃത്തി ദിവസം 12 മണിവരെ)
6. നാമനിർദ്ദേശ പത്രികാപരിശോധന (പത്രികാസമർപ്പണം പൂർത്തിയായ ദിവസം ഉച്ചതിരിഞ്ഞ്)
7. സ്ഥാനാർത്ഥി പട്ടിക പ്രദർശനം (പരിശോധന പൂർത്തിയാകുന്ന ദിവസം)
8. നാമനിർദ്ദേശം പിൻവലിക്കാനുള്ള സമയം (സ്ഥാനാർത്ഥി പട്ടിക പ്രദർശിപ്പിച്ചതിന് തൊട്ടടുത്ത പ്രവൃത്തി ദിവസം വൈകുന്നേരം 3 മണി വരെ)
9. അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രദർശനം (അന്നേ ദിവസം 5 മണിക്ക്)
10. പ്രചാരണാരംഭം തൊട്ടടുത്ത പ്രവൃത്തി ദിവസം മുതൽ
11. പ്രചാരണത്തിന്റെ അവസാനം -- പ്രചാരണം ആരംഭിച്ച് 2-ാം ദിവസം വൈകുന്നേരം 3.30 വരെ (സ്ഥാനാർത്ഥികളുമായുള്ള മുഖാമുഖം നടത്തുന്നപക്ഷം പ്രചാരണം അവസാനിക്കുന്നതിന് മുൻപായി നടത്തേണ്ടതാണ്)
12. തെരഞ്ഞെടുപ്പ് - വിജ്ഞാപനത്തിൽ പ്രഖ്യാപിക്കുന്ന ദിവസം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ.
13. വോട്ടെണ്ണൽ സമയം - അന്നേ ദിവസം ഉച്ച തിരിഞ്ഞ് 1.30 മുതൽ
14. ഫലപ്രഖ്യാപനം - വോട്ടെണ്ണൽ അവസാനിക്കുന്ന മുറയ്ക്ക്

## I (c) തെരഞ്ഞെടുപ്പ് ചുമതല സംബന്ധിച്ച്

വരണാധികാരിയായും, ഉപവരണാധികാരിയായും വൈസ് ചാൻസലർ ഓരോ അദ്ധ്യാപകരെ നിശ്ചയിക്കുന്നതും വൈസ് ചാൻസലർ ഉത്തരവിലൂടെ അവരെ നിയമിക്കുന്നതുമാണ്.

## I (d) വോട്ടർ പട്ടിക പ്രദർശനവും തെറ്റുതിരുത്തലും സംബന്ധിച്ച്

1. ഫാക്കൽറ്റിയിലെ എല്ലാ കോഴ്സിനും ചേർന്നിട്ടുള്ള വിദ്യാർത്ഥികളുടെ പേരുവിവരമാണ് വോട്ടർ പട്ടിക.
2. വകുപ്പദ്ധ്യക്ഷൻ ലഭ്യമാക്കുന്ന വോട്ടർപട്ടികകൾ വരണാധികാരിയുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം.
3. വോട്ടർ പട്ടികയിലെ പേരു വിവരം സംബന്ധിച്ച് എന്തെങ്കിലും പിശക് കണ്ടെത്തിയാൽ, വരണാധികാരിയോട് രേഖാമൂലം ആ വിവരം അറിയിക്കുകയും തെറ്റ് തിരുത്താനുള്ള നടപടി വരണാധികാരി കൈക്കൊള്ളുകയും വേണം.

## I (e) നാമനിർദ്ദേശപത്രിക സമർപ്പണം

1. നിർദ്ദിഷ്ട ഫാറത്തിൽ, വിദ്യാർത്ഥികൾ നാമനിർദ്ദേശം പരിഗണനയ്ക്കായി വരണാധികാരിക്ക് സമർപ്പിക്കണം. ഒപ്പം വകുപ്പദ്ധ്യക്ഷൻ നൽകുന്ന ഹാജർനില, സ്ഥാനാർത്ഥി കഴിഞ്ഞ എല്ലാ പരീക്ഷകളും എഴുതിയെന്നും അതിൽ എല്ലാ വിഷയത്തിലും വിജയിച്ചിട്ടുണ്ടെന്നുമുള്ള സാക്ഷ്യപത്രം, ഫീസ് കുടിശ്ശിക ഇല്ലെന്ന ഫിനാൻസ് ഓഫീസറുടെ സാക്ഷ്യപത്രം, ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടില്ലെന്നുള്ള സത്യപ്രസ്ഥാവന എന്നിവ അടക്കം ചെയ്തിരിക്കണം. ഇവയായിരിക്കും സൂക്ഷ്മപരിശോധനയുടെ മാനദണ്ഡങ്ങൾ.
2. ലഭിച്ച നാമനിർദ്ദേശപത്രികൾ വരണാധികാരിയും ഉപവരണാധികാരിയും ചേർന്ന് പരിശോധന നടത്തണം. സൂക്ഷ്മ പരിശോധന നടത്തുമ്പോൾ നാമനിർദ്ദേശം സമർപ്പിച്ച വിദ്യാർത്ഥികളെ പങ്കെടുപ്പിക്കണം. സൂക്ഷ്മ പരിശോധനയുടെ അടിസ്ഥാനത്തിൽ വരണാധികാരി പത്രികയുടെ സാധുത സംബന്ധിച്ച് തീരുമാനം എടുക്കണം. ഈ തീരുമാനം അന്തിമമായിരിക്കും.
3. സ്ഥാനാർത്ഥികളായി തെരഞ്ഞെടുത്തവരുടെ പട്ടിക വരണാധികാരി പ്രസിദ്ധീകരിക്കണം.
4. നാമനിർദ്ദേശം പിൻവലിക്കാനുള്ള അവസരമുണ്ട്. നാമനിർദ്ദേശം സമർപ്പിച്ചവരിൽ പിൻവലിക്കാൻ താൽപര്യമുള്ള സ്ഥാനാർത്ഥികൾ രേഖാമൂലം വരണാധികാരിയെ അറിയിക്കേണ്ടതാണ്.
5. വരണാധികാരി അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

## I (f) സ്ഥാനാർത്ഥിയായി മത്സരിക്കാനുള്ള യോഗ്യത സംബന്ധിച്ച്

a. വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളാവുന്നവർ താഴെ പറയുന്ന വ്യവസ്ഥകൾ പൂർത്തികരിക്കണം.

1. അന്തിമ വോട്ടർ പട്ടികയിൽ പേരുണ്ടായിരിക്കം.
2. ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികൾ ഒഴികെയുള്ളവർക്ക് കഴിഞ്ഞ സെമസ്റ്ററുകളിൽ 75% ത്തിൽ കുറയാതെ ഹാജർ നില ഉണ്ടായിരിക്കണം. ഒന്നും രണ്ടും സെമസ്റ്ററുകളിൽ വെവ്വേറെ 75% ഹാജർ ഉണ്ടായിരിക്കണം. ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് അവർ പ്രവേശനം നേടിയതു മുതൽ തെരഞ്ഞെടുപ്പ് പ്രഖ്യാപനം വരെയുള്ള ദിവസങ്ങളിൽ 75% ഹാജർ ഉണ്ടായിരിക്കണം. ഹാജർ നില വകുപ്പദ്ധ്യക്ഷൻ സാക്ഷ്യപ്പെടുത്തിയിരിക്കണം.

   75% ഹാജർ നിർബന്ധമായതിനാൽ പരീക്ഷ എഴുതുവാനോ മറ്റേതെങ്കിലും കാര്യത്തിനോ ഹാജർ നിലയിലെ കുറവിന് ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആ ആനുകൂല്യം സ്ഥാനാർത്ഥിയാകാനുള്ള യോഗ്യതയ്ക്കുവേണ്ട ഹാജർ നിലയിലെ ഇളവായി പരിഗണിക്കുന്നതല്ല.
3. ഏതെങ്കിലും വിഷയത്തിൽ തോറ്റവർക്കും, പരീക്ഷ എഴുതാത്തവർക്കും, മുൻ സെമസ്റ്ററുകളിൽ 75%ത്തിൽ കുറവ് ഹാജർ നേടിയവർക്കും സ്ഥാനാർത്ഥിയാകാൻ യോഗ്യതയുണ്ടായിരിക്കുന്നതല്ല. തെരഞ്ഞെടുപ്പ് ചട്ടം നിലവിൽ വന്ന തീയതിക്ക് മുമ്പ് അതുവരെയുള്ള പരീക്ഷകളെല്ലാം വിജയിച്ചു കഴിഞ്ഞ വിദ്യാർത്ഥികളെ മാത്രം സ്ഥാനാർത്ഥിയായി പരിഗണിക്കാവുന്നതാണ്. വകുപ്പ് അദ്ധ്യക്ഷൻ ഇത് സാക്ഷ്യപ്പെടുത്തണം.
4. സർവകലാശാലയിൽ ഒടുക്കേണ്ട ഏതെങ്കിലും വിധത്തിലുള്ള ഫീസ് കുടിശ്ശികയുള്ളവർക്കും സ്ഥാനാർത്ഥിയാകാൻ യോഗ്യതയുണ്ടായിരിക്കുന്നതല്ല.
5. ഏതെങ്കിലും തരത്തിൽ കുറ്റകൃത്യപശ്ചാത്തലമുള്ളവരായി തെളിയുന്നവർക്കും യോഗ്യത ഉണ്ടായിരിക്കുന്നതല്ല.
6. സർവകലാശാലയിലെ അച്ചടക്ക നടപടിക്ക് വിധേയരായി ശിക്ഷിക്കപ്പെട്ടവർക്കും തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

7. ഒരു തവണ സർവകലാശാല യൂണിയൻ ഭാരവാഹിയായി മത്സരിച്ചവർക്കും, ഭാരവാഹിത്വം വഹിച്ചവർക്കും വീണ്ടും യൂണിയൻ ഭാരവാഹിത്വത്തിലേക്ക് മത്സരിക്കുവാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

b. മേൽപ്പറഞ്ഞ കാര്യങ്ങളിൽ ഏതെങ്കിലും മറച്ചുവെച്ചുകൊണ്ടാണ് സ്ഥാനാർത്ഥിയായതെന്ന് ബോധ്യപ്പെട്ടാൽ സ്ഥാനാർത്ഥിത്വവും അതുവഴി നേടുന്ന വിജയവും അസാധുവാകുന്നതാണ്.

## I (g) പ്രചാരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. സർവകലാശായിലെ വിദ്യാർത്ഥികളല്ലാതെ മറ്റാരും തെരഞ്ഞെടുപ്പു പ്രക്രിയയിൽ പങ്കെടുക്കാൻ പാടില്ല.
2. കാമ്പസിലെ സൗഹൃദാന്തരീക്ഷത്തിന് ഭംഗം വരുത്തുന്നതോ പരസ്പര വിരോധം വളർത്തുന്നതോ ജാതി-മത-ഭാഷ-ലിംഗ അസമത്വം സൃഷ്ടിക്കുന്നതോ ആയ ഒരു വിധ പ്രവൃത്തിയിലും പങ്കെടുക്കാൻ പാടില്ല.
3. മറ്റു സ്ഥാനാർത്ഥികളെ പരാമർശിക്കുമ്പോൾ ഒരു കാരണവശാലും ആ സ്ഥാനാർത്ഥിയുടെ സ്വകാര്യജീവിതം പരാമർശവിധേയമാകാൻ പാടില്ല.
4. വോട്ടു ലഭിക്കാനായി ഒരു സ്ഥാനാർത്ഥിയും ജാതി-മത-ലിംഗ സ്വാധീനം ചെലുത്താനും പാടില്ല.
5. യാതൊരു കാരണവശാലും ഹോസ്റ്റലിൽ തെരഞ്ഞെടുപ്പു പ്രചാരണം അനുവദിക്കുന്നതല്ല.
6. ഒരു സ്ഥാനാർത്ഥിയും പ്രചാരണത്തിന്റെ ഭാഗമായി അച്ചടിച്ച പോസ്റ്ററോ, നോട്ടീസോ ഉപയോഗിക്കാൻ പാടില്ല. എന്നാൽ എ4 സൈസിലുള്ള കമ്പ്യൂട്ടർ പ്രിന്റുകൾ ഉപയോഗിക്കാവുന്നതാണ്. കൈയെഴുത്തു പോസ്റ്ററുകളുടെ നോട്ടീസുകളും സർവകലാശാല അധികാരികൾ അനുവദിച്ചു നൽകുന്ന നിശ്ചിത സ്ഥലങ്ങളിൽ മാത്രം പ്രദർശിപ്പിക്കാവുന്നതാണ്. കാമ്പസുകളിലെ പൊതുസ്ഥലങ്ങൾ പ്രചരണത്തിനും പ്രദർശനങ്ങൾക്കുമായി ഉപയോഗിക്കുന്നത് പ്രചരണത്തിന് അനുവദിച്ച ദിവസങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തണം. അത്തരത്തിൽ പതിപ്പിച്ച പോസ്റ്ററുകളും കയ്യെഴുത്തുകളും തെരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ തന്നെ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്.
7. സർവകലാശാലയുടെ ഏതെങ്കിലും കെട്ടിടങ്ങളുടെ ചുമരുകളിലോ മതിലുകളിലോ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി എഴുതുകയോ പോസ്റ്ററുകളോ നോട്ടീസുകളോ പതിക്കുകയോ ചെയ്യരുത്. അപ്രകാരം ചെയ്യുന്ന സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പ് അസാധുവാകുന്നതാണ്.
8. തുണിയിൽ എഴുതിയതോ അച്ചടിച്ചതോ ആയ പ്രചാരണ സാമഗ്രികൾ ഉപയോഗിക്കാവുന്നതാണ്. എന്നാൽ കാമ്പസിൽ ഹരിതപെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ ഫ്ളക്സ്, പ്ലാസ്റ്റിക് എന്നീ പ്രചാരണസാമഗ്രികൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത്തരം സ്ഥാനാർത്ഥികളെ അയോഗ്യരാക്കുന്നതാണ്.
9. ഒരുകാരണവശാലും എതിർസ്ഥാനാർത്ഥികളെ വ്യക്തിപരമായി പ്രകോപിപ്പിക്കുന്ന ഭാഷ പോസ്റ്ററിലോ നോട്ടീസിലോ ഉണ്ടാകാൻ പാടില്ല.
10. ക്ലാസ്സ് മുറിയിലോ ക്ലാസ്സ്മുറിയുടെ പുറത്തോ പഠനപ്രക്രിയയ്ക്ക് ഭംഗം വരുന്ന തരത്തിൽ പ്രചാരണം അനുവദിക്കില്ല. അച്ചടിച്ച പോസ്റ്ററിലൂടെയോ ജാഥയിലൂടെയോ പൊതുയോഗത്തിലൂടെയോ ഒരു പ്രചാരണവും കാമ്പസിനുപുറത്ത് പാടില്ല. അങ്ങനെയുണ്ടായാൽ അത് അയോഗ്യതയായി കണക്കാക്കും.
11. അക്കാദമിക പരിസ്ഥിതിക്ക് യോജിക്കുന്ന സമാധാനവും സൗഹൃദപരവുമായ പ്രചരണ പ്രവർത്തനങ്ങൾ അനുവദിച്ചിട്ടുണ്ട്.
12. പ്രചാരണം അവസാനിക്കുന്നതിന് മുൻപായി സ്ഥാനാർത്ഥിപരിചയം ഏർപ്പാടാക്കും. ഓരോ സ്ഥാനാർത്ഥിക്കും സ്വയം പരിചയപ്പെടുത്താനും ഏതെങ്കിലും വിഷയത്തിൽ സംവാദത്തിൽ

സംസാരിക്കാനും അവസരമുണ്ടാകും.

13. സ്ഥാനാർത്ഥിയോ പിന്താങ്ങുന്നവരോ സർവകലാശാലയുടെ സ്ഥാവരജംഗമവസ്തുക്കൾക്ക് നാംശംവരുത്താൻ പാടില്ല. അങ്ങനെ ബോധ്യപ്പെട്ടാൽ അവർക്കെതിരെ അച്ചടക്ക നടപടിയുണ്ടാകും.

14. ഉച്ചഭാഷിണി, വാഹനം എന്നിവ ഉപയോഗിച്ചുള്ള പ്രചാരണം പാടില്ല.

15. തെരഞ്ഞെടുപ്പ് നടക്കുന്ന ദിവസം എല്ലാ സ്ഥാനാർത്ഥികളും തെരഞ്ഞെടുപ്പധികാരികളുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതും സമാധാനപരമായി തെരഞ്ഞെടുപ്പ് പൂർത്തിയാക്കാൻ അവരോട് സഹകരിക്കേണ്ടതുമാണ്.

16. എല്ലാ വോട്ടർമാർക്കും പൂർണ്ണ സ്വാതന്ത്ര്യത്തോടെ സമ്മർദ്ദരഹിതമായി തടസ്സമില്ലാതെ വോട്ടുചെയ്യാൻ കഴിയണം.

17. വോട്ടർമാരല്ലാതെ, വരണാധികാരിയുടെ അനുവാദമില്ലാതെ ആരും പോളിംഗ് ബൂത്തിൽ പ്രവേശിക്കാൻ പാടില്ല.

18. ഏതെങ്കിലും സ്ഥാനാർത്ഥിക്ക് തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുമായി എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ അത് തെരഞ്ഞെടുപ്പ് പരാതിസമിതിയെ ഓരോ ഘട്ടത്തിലും തൊട്ടടുത്ത ഘട്ടത്തിനുമുമ്പായി രേഖാമൂലം അറിയിക്കേണ്ടതാണ്.

19. തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കാനുള്ള അധികാരം വൈസ്ചാൻസലർക്കുണ്ട്.

20. പ്രചാരണത്തിനായി ഒരു സ്ഥാനാർത്ഥി പരമാവധി 750 രൂപയിൽ കൂടുതൽ ചെലവാക്കാൻ പാടില്ല. പ്രചരണാവശ്യത്തിനായി കൂടുതൽ തുക ചെലവാക്കിയതായി നിരീക്ഷിക്കപ്പെട്ടാൽ അത് സ്ഥാനാർത്ഥിയുടെ അയോഗ്യതയായി കൽപിച്ച് തീരുമാനമുണ്ടാകും.

21. ഓരോ സ്ഥാനാർത്ഥിയും ചെലവായ തുകയുടെ വിശദവിവരം ഫലപ്രഖ്യാപനത്തിനുശേഷം രണ്ടുദിവസത്തിനുള്ളിൽ വിദ്യാർത്ഥിക്ഷേമ ഡീനിന് കൈമാറേണ്ടതാണ്.

22 ഏതെങ്കിലും തരത്തിൽ മറ്റ് മാർഗങ്ങളിലൂടെ തെരഞ്ഞെടുപ്പിന് ഫണ്ട് ശേഖരിക്കുവാൻ ശ്രമിക്കുന്ന സ്ഥാനാർത്ഥികളെ അയോഗ്യരാക്കാവുന്നതാണ്. അധിക ചെലവ്കൊണ്ടും സാമ്പത്തിക അച്ചടക്കമില്ലായ്മകൊണ്ടും തെരഞ്ഞെടുക്കപ്പെട്ടാൽ ആ സ്ഥാനാർത്ഥിക്ക് സ്ഥാനം നഷ്ടപ്പെടുന്നതാണ്.

## I(h) വോട്ടെടുപ്പ് പ്രക്രിയ

1. സ്ഥാനാർത്ഥിയുടെ പേരും റോൾ നമ്പരും രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ തയ്യാറാക്കി ഓരോ ബാലറ്റ് പേപ്പറിലും വരണാധികാരിയോ/ഉപവരണാധികാരികളോ ഒപ്പിടണം.
2. വോട്ടെടുപ്പ് പ്രക്രിയ നിശ്ചിത സമയത്തിനുള്ളിൽ തന്നെ പൂർത്തിയായിരിക്കണം.
3. വരണാധികാരിയോ, ഉപവരണാധികാരിയോ, അതത് ഫാക്കൽറ്റിയിലെ ഓരോ അധ്യാപകരെ പോളിംഗ് ഓഫീസറായി നിയമിക്കണം.
4. സ്ഥാനാർത്ഥിയോ സ്ഥാനാർത്ഥിയുടെ പ്രതിനിധിയോ പോളിംഗ് ഏജന്റായി പ്രവർത്തിക്കും.
5. വോട്ടെടുപ്പ് കഴിഞ്ഞാലുടൻ ബാലറ്റുപെട്ടി/കവർ സീൽ ചെയ്യണം. ഉപയോഗിക്കാത്ത ബാലറ്റുപേപ്പറും സീൽ ചെയ്ത് സൂക്ഷിക്കണം.

## I(i) വോട്ടെണ്ണൽ

സ്ഥാനാർത്ഥിയുടെ/പ്രതിനിധിയുടെ മുൻപിൽ വച്ച് വരണാധികാരി ബാലറ്റ് പെട്ടി/കവർ തുറക്കുകയും പോളിംഗ് ഓഫീസർമാരുടെ സഹായത്തോടെ വോട്ടെണ്ണുകയും വേണം.

**I(j) ഫലപ്രഖ്യാപനം**

വരണാധികാരി ഓരോ സ്ഥാനാർത്ഥിക്കും ലഭിച്ച സാധുവായ വോട്ടുകളുടെ എണ്ണം പരസ്യപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വിജയികളെ പ്രഖ്യാപിക്കുകയും വേണം. വോട്ടിംഗിൽ തുല്യത വന്നാൽ നറുക്കെടുപ്പിലൂടെ വിജയിയെ നിശ്ചയിക്കുന്നതാണ്.

**I(k) തെരഞ്ഞെടുപ്പ് ചെലവുകൾ സംബന്ധിച്ച്**

തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള ചെലവുകൾ സർവകലാശാല അനുവദിക്കുന്ന ഫണ്ടിൽനിന്ന് വഹിക്കണം.

**I(l) പരാതിപരിഹാരം**

തെരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടൊപ്പം വൈസ് ചാൻസലർ ഒരു തെരഞ്ഞെടുപ്പ് പരാതിപരിഹാരസമിതി രൂപീകരിക്കേണ്ടതാണ്. ഈ സമിതിയിൽ മൂന്ന് അധ്യാപകർ ഉണ്ടായിരിക്കണം. തെരഞ്ഞെടുപ്പ് സംബന്ധമായ പരാതികൾക്ക് പരിഹാരം കാണുന്നതോടൊപ്പം അവർ തെരഞ്ഞെടുപ്പ് നിരീക്ഷകരായും പ്രവർത്തിക്കുന്നതാണ്.

**I(m) തെരഞ്ഞെടുപ്പ് സമയത്തെ കാമ്പസ് അച്ചടക്കം സംബന്ധിച്ച്**

സർവകലാശാലയിലെ സൗഹൃദപൂർവ്വമായ അന്തരീക്ഷം തടസ്സപ്പെടുത്തുന്നവിധത്തിലോ ക്ലാസുകളുടെ നടത്തിപ്പിന് വിഘാതം വരുത്തുന്ന രീതിയിലോ പ്രചരണ പരിപാടികൾ സംഘടിപ്പിക്കാൻ പാടുള്ളതല്ല.

**II അസോസിയേഷൻ ഭാരവാഹികൾ**

ഒരു വകുപ്പിലെ മുഴുവൻ വിദ്യാർത്ഥികളും അതത് വകുപ്പുകളുടെ അസോസിയേഷൻ സെക്രട്ടറിയെ തെരഞ്ഞെടുക്കേണ്ടതാണ്.

വകുപ്പ് മേധാവി അസോസിയേഷന്റെ അദ്ധ്യക്ഷനായിരിക്കും.

**III മറ്റു കാര്യങ്ങൾ**

ഏതെങ്കിലും തരത്തിലുള്ള കുറ്റകൃത്യം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുണ്ടായാൽ ഉടൻ പോലീസിന് വിവരം അറിയിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ എന്തെങ്കിലും ആക്ഷേപമുള്ള സന്ദർഭങ്ങളിൽ ലിംഗ്ദോ കമ്മിറ്റി ശുപാർശയ്ക്ക് അനുസൃതമായുള്ള വൈസ് ചാൻസലറുടെ തീരുമാനമനുസരിച്ച് അന്തിമ തീരുമാനമെടുക്കണം.

യൂണിയൻ തെരഞ്ഞെടുപ്പും അസോസിയേഷനുകളിലേക്കുള്ള തെരഞ്ഞെടുപ്പും ഒരു ദിവസമോ, വ്യത്യസ്ത ദിവസങ്ങളിലോ നടത്താൻ സർവകലാശാലയ്ക്ക് അധികാരമുണ്ടായിരിക്കും.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
മലപ്പുറം

രജിസ്ട്രാർ ഇൻ ചാർജ്